No. CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## 2017- ലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം

### ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ ബന്ധപ്പെട്ട ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ള മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി ന്യൂനപക്ഷ സമുദായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ/രേഖകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകരുടെ കാറ്റഗറി തിരിച്ചുള്ള അന്തിമ ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org, www.cee.kerala.gov.in** എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു.

പ്രസ്തുത മൈനോറിറ്റി കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നതിനാൽ ഒരു വിദ്യാർത്ഥിക്ക് മൈനോറിറ്റി ക്വാട്ടാ സീറ്റിലേയ്ക്കുള്ള പ്രവേശനം ഉറപ്പുവരുത്തുന്നില്ല. ബഹു. സുപ്രീം കോടതിയുടെ 09.05.2017 ലെ WP(C) No. 267/2017 മേലുള്ള വിധി പ്രകാരം ന്യൂനപക്ഷ ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ കോളേജ് മാനേജ്മെന്റുകൾ നിഷ്കർഷിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ പാലിച്ച് അവരുടെ ന്യൂനപക്ഷ പദവി ഉറപ്പു വരുത്തേണ്ടതാണ്.

കൊല്ലം അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ എം.ബി.ബി.എസ് പ്രവേശനത്തിനുള്ള മൈനോറിറ്റി കാറ്റഗറി ലിസ്റ്റുകൾ തയ്യാറാക്കിയിരിക്കുന്നത് ബഹു. ഹൈക്കോടതിയുടെ WP(C) No. 26986/2017 മേലുള്ള 25.08.2017 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്.

ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ മൈനോറിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള പ്രവേശനം 27.08.2017 ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റിൽ നടത്തുന്നതാണ്.

തിരുവനന്തപുരം
26.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**